# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 5471

04.07.2013 - ൽ മറുപടിയ്ക്ക്

### ആയുഷ് വകുപ്പ് രൂപീകരണം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>" ഇ. ചന്ദ്രശേഖരൻ<br>" പി. തിലോത്തമൻ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാരിനു കീഴിൽ അലോപ്പതി- ആയുർവ്വേദ - ഹോമിയോപ്പതി വകുപ്പുകളുടെ കോ-ലൊക്കേഷൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആയുഷ് വകുപ്പ് രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പാക്കാൻ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;<br>(ബി) പദ്ധതിയ്ക്കായി കേന്ദ്രം എന്ത് തുക അനുവദിച്ചു; ഈ തുക നഷ്ടപ്പെടാതിരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) & (ബി) | ആയുഷ് വകുപ്പിന്റെ രൂപീകരണം നടപ്പാക്കിയിട്ടില്ല. കേന്ദ്രം ഇതുവരെ കോ-ലൊക്കേഷനായി തുകയൊന്നും അനുവദിച്ചിട്ടില്ല. പി.എച്ച്. എസി / സി.എച്ച്. സി-കളിൽ ആയുഷ് ഡിസ്പെൻസറികൾ പ്രവർത്തിച്ചു തുടങ്ങുമ്പോഴാണ് കോ-ലൊക്കേഷൻ ആകുന്നത്. അതിനുശേഷം മാത്രമേ ഫണ്ടിനായി കേന്ദ്രത്തെ സമീപിക്കാൻ കഴിയുകയുള്ളൂ. |
| (സി) പദ്ധതി നടപ്പിലാക്കി കഴിഞ്ഞാലുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (സി) | പി.എച്ച്.സി.കളിൽ കോ-ലൊക്കേറ്റ് ചെയ്യുന്ന ആയുഷ് സ്ഥാപനങ്ങൾക്ക് 10 ലക്ഷം രൂപ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനായി ലഭിക്കും. എല്ലാവർഷവും ഔഷധം വാങ്ങുന്നതിനായി 3 ലക്ഷം രൂപ ലഭിക്കും. സി. എച്ച്. സി. കളിൽ ഭൗതിക സാഹചര്യത്തിനായി 15 ലക്ഷം രൂപയും ഔഷധം വാങ്ങുന്നതിലേയ്ക്കായി 4.5 ലക്ഷം രൂപയും ലഭിക്കും. ഈ സ്ഥാപനങ്ങളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിലേയ്ക്കായി ആയുഷ് സ്പെഷ്യലിസ്റ്റ് പോസ്റ്റുകളും അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ